REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 01-06-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഫിറ്റ് ഇന്ത്യ-സൺഡേയ്സ് ഓൺ സൈക്കിൾ സംരംഭത്തിന്റെ 25-ാമത് പതിപ്പ് രാജ്യമെമ്പാടും പ്രത്യേക തിരംഗ റാലിയായി ആഘോഷിച്ചു.**
- **നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ മോഹൻ ജോർജ് BJP സ്ഥാനാർത്ഥി. LDF- മണ്ഡലം കൺവെൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ച കഴിഞ്ഞ് ഉദ്ഘാടനം ചെയ്യും. UDF പ്രചാരണം ഊർജ്ജിതം.**
- **സംസ്ഥാനത്തെ സ്കൂളുകളിൽ നാളെ പ്രവേശനോത്സവം. സംസ്ഥാന തല ഉദ്ഘാടനം ആലപ്പുഴയിൽ.**
- **ഇന്ന് ലോക ക്ഷീരദിനം.**
- **IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ ഇന്ന് പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഫിറ്റ് ഇന്ത്യ-സൺഡേയ്സ് ഓൺ സൈക്കിൾ സംരംഭത്തിന്റെ 25-ാമത് പതിപ്പ് രാജ്യമെമ്പാടും പ്രത്യേക തിരംഗ റാലിയായി ആഘോഷിച്ചു. കേന്ദ്ര മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ഡൽഹിയിൽ പരിപാടിക്ക് നേതൃത്വം നൽകി. ഓപ്പറേഷൻ സിന്ദൂരിന്റെ ഭാഗമായ ധീര ജവാന്മാർക്ക് നൽകുന്ന ആദരമാണ് തിരംഗ റാലിയെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഫിറ്റ്നസിനായും രാജ്യത്തിന്റെ ധീരജവാന്മാർക്കുമായും ജനങ്ങൾ രാജ്യമെമ്പാടും സൈക്ലിംഗ് നടത്തിയത് ആവേശഭരിതമാക്കിയെന്നും മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.

ജൂൺ മൂന്നിനാണ് ലോക സൈക്കിൾ ദിനം.

✪✪✪

രാജ്യത്തിന് വേണ്ടി വീരമൃത്യു വരിച്ച ജവാന്മാർക്കു ആദരം അർപ്പിച്ച് മൈ ഭാരത് കോഴിക്കോടും കാലിക്കറ്റ് ബൈക്കേഴ്സ് ക്ലബ്ബും സംയുക്തമായി ബീച്ചിൽ തിരംഗ റാലി സംഘടിപ്പിച്ചു. അന്താരാഷ്ട്ര സൈക്കിൾ ദിനമായ ജൂൺ മൂന്നിനോട് അനുബന്ധിച്ചായിരുന്നു റാലി.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി ചിത്രം വ്യക്തമായി. മോഹൻ ജോർജ്ജിനെ BJP സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. കേരള കോൺഗ്രസ് B-യുടെ മുൻ നേതാവും നിലമ്പൂർ കോടതിയിൽ അഭിഭാഷകനുമാണ് മോഹൻ ജോർജ്ജ്. രാവിലെയാണ് സ്ഥാനാർഥി പ്രഖ്യാപനം ഉണ്ടായത്. ഇന്ന് BJP അംഗത്വം സ്വീകരിക്കുമെന്ന് മോഹൻജോർജ് മാധ്യമങ്ങളോട് പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്...

....വോയ്സ്......

NDA യും സ്ഥാനാർഥി പ്രഖ്യാപനം നടത്തിയതോടെ നിലമ്പൂരിൽ മൂന്നു മുന്നണികളും തെരഞ്ഞെടുപ്പ് ഗോദയിൽ സജീവമായി. UDF സ്ഥാനാർത്ഥി കോൺഗ്രസ്സിലെ ആര്യാടൻ ഷൗക്കത്തും LDF-ന്റേത് CPIM ലെ M സ്വരാജുമാണ്. അതേ സമയം തൃണമൂൽ കോൺഗ്രസ്സ് നേതാവും മുൻ MLAയുമായ PV അൻവർ സ്ഥാനാർത്ഥിയാവുകയാണെങ്കിൽ നിലമ്പൂരിൽ മത്സരം കടുക്കും. ഇന്നലെ രാത്രി യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽ മാങ്കൂട്ടത്തിൽ അൻവറുമായി കൂടിക്കാഴ്ച നടത്തി. വൈകാരികമായി പ്രശ്നങ്ങളെ സമീപിച്ച് എടുത്തുചാട്ടം പാടില്ലെന്നാണ് അൻവറിനോട് പറഞ്ഞതെന്ന് രാഹുൽ മാങ്കൂട്ടത്തിൽ മാധ്യമങ്ങളോട് പറഞ്ഞു.

LDF-ന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കമിട്ട് നിലമ്പൂർ മണ്ഡലം കൺവെൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ച കഴിഞ്ഞ് കോടതിപ്പടിയിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാന നേതാക്കളും മന്ത്രിമാരും കൺവെൻഷനിൽ പങ്കെടുക്കും. LDF സ്ഥാനാർത്ഥി M. സ്വരാജ് നാളെ നാമനിർദേശ പത്രിക സമർപ്പിക്കും.

UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത് ഇന്നലെ നാമനിർദേശ പത്രിക സമർപ്പിച്ചു. ജ്യോതിപ്പടിയിൽ നിന്ന് റോഡ് ഷോയായി എത്തിയാണ് അദ്ദേഹം പത്രിക നൽകിയത്.

✪✪✪

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ മോഹൻ ജോർജിനെ BJP സ്ഥാനാർഥിയായി തീരുമാനിച്ചത് പാർട്ടി ദേശീയ നേതൃത്വമാണെന്ന് ദേശീയ നിർവാഹക സമിതി അംഗം പി.കെ.കൃഷ്ണദാസ് തിരുവനന്തപുരത്ത് പറഞ്ഞു.

അനവസരത്തിൽ ജനങ്ങളിൽ അടിച്ചേൽപ്പിച്ച അനാവശ്യമായ തിരഞ്ഞെടുപ്പാണ് നിലമ്പൂരിലേതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

UDF ന്റേയോ കോൺഗ്രസിന്റെയോ അറിവോടെയല്ല PV അൻവറിനെ രാഹുൽ മാങ്കൂട്ടത്തിൽ കണ്ടതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ പറഞ്ഞു. രാഹുൽ പോയത് തെറ്റായ നടപടിയാണെന്നും അൻവറുമായി ചർച്ചയുടെ വാതിൽ UDF അടച്ചതാണെന്നും സതീശൻ വ്യക്തമാക്കി.

✪✪✪

വികസിത് കൃഷി സങ്കൽപ്പ് അഭിയാൻ' കാമ്പയിൻ വെറുമൊരു പദ്ധതിയല്ലെന്നും കർഷകർക്ക് വിലപ്പെട്ട വിവരങ്ങൾ നൽകുന്ന കേന്ദ്രഗവണ്മെന്റിന്റെ പൊതു പ്രസ്ഥാനമാണെന്നും കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ നിയമസഭാംഗങ്ങളുമായി ഓൺലൈനിൽ സംവദിച്ച കേന്ദ്രമന്ത്രി, കാമ്പയിനിന് കീഴിലെ കർഷകരുമായി പ്രധാന വിഷയങ്ങളെക്കുറിച്ച് വിദഗ്ധർ ചർച്ചകൾ നടത്തുമെന്നും അവരുടെ സംശയങ്ങൾക്ക് ഉചിതമായ മറുപടി നൽകുമെന്നും അറിയിച്ചു.

വരാനിരിക്കുന്ന ഖാരിഫ് വിള സീസണിൽ ഇതിന്റെ നേട്ടങ്ങൾ ഉടനടി പ്രതിഫലിക്കുമെന്നും ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. കുറഞ്ഞ ചെലവ്, ഉയർന്ന വിളവ്, സുസ്ഥിരവും ലാഭകരവുമായ കൃഷി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ശാസ്ത്രജ്ഞരുമായി സംവദിക്കാനും പരിശീലന പരിപാടികളിൽ പങ്കെടുക്കാനും കർഷകരെ പ്രോത്സാഹിപ്പിക്കണമെന്ന് അദ്ദേഹം നിയമസഭാംഗങ്ങളോട് ആവശ്യപ്പെട്ടു.

✪✪✪

അതിർത്തി ഭീകരതയ്ക്കെതിരെ ലോക രാജ്യങ്ങളിലെ പ്രചാരണത്തിന് ഇന്ത്യ രൂപം നൽകിയ സർവകക്ഷി പ്രതിനിധി സംഘത്തിന്റെ പര്യടനവും കൂടിക്കാഴ്ചകളും തുടരുന്നു. കോൺഗ്രസ് നേതാവ് ഡോ. ശശിതരൂർ MP നേതൃത്വം നൽകുന്ന സംഘം ഇന്ന് ബ്രസീലിലെത്തി. ഗയാന, പനാമ, കൊളംബിയ സന്ദർശനത്തിന് ശേഷമാണ് തരൂരും സംഘവും ബ്രസീലിലെത്തിയത്. ബ്രസീലിലെ വിദേശകാര്യ ചുമതല വഹിക്കുന്ന സന്ദീപ് കുമാർ കുജുർ ഇവരെ സ്വീകരിച്ചു. ഭീകരതയ്ക്കെതിരായ നിലപാടിൽ തന്ത്രപരമായ പങ്കാളിയാണ് ബ്രസീലെന്ന് ഡോ. ശശിതരൂർ പറഞ്ഞു.

ശിവസേന MP ശ്രീകാന്ത് ഷിൻഡെയുടെ സംഘം ലൈബീരിയയിലെത്തി. മൂന്ന് ദിവസത്തെ സന്ദർശനത്തിൽ ലൈബീരിയൻ പ്രസിഡന്റ്, സ്പീക്കർ, വിദേശകാര്യമന്ത്രി, ചിന്തകർ, മാധ്യമപ്രവർത്തകർ തുടങ്ങിയവരുമായി സംഘം കൂടിക്കാഴ്ച നടത്തും.

JDU എംപി സഞ്ജയ്കുമാർ ഝായുടെ സംഘം കോലാലംപൂരിലെത്തി. സർവ കക്ഷിസംഘം മലേഷ്യൻ പാർലമെന്റ് അംഗങ്ങളുമായും ഇന്ത്യൻ സമൂഹവുമായും മാധ്യമങ്ങളുമായും സംവദിക്കും.

BJP എംപി ബൈജയന്ത് പാണ്ഡ നേതൃത്വം നൽകുന്ന സംഘം അൾജീരിയയിലാണ്. BJP എംപി രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലെ സംഘം ലണ്ടനിലെത്തി. NCP നേതാവ് സുപ്രിയ സുലേ നേതൃത്വം നൽകുന്ന സംഘം എത്യോപിയയിലും എത്തി.

✪✪✪

മഴ സാധ്യത കണക്കിലെടുത്ത് ഇന്നും നാളെയും ആലപ്പുഴ, എറണാകുളം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

അടുത്ത നാല് ദിവസം വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്കും തെക്കൻ ജില്ലകളിൽ വ്യാപക മഴയ്ക്കും സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വിലയിരുത്തൽ. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശിച്ചു.

✪✪✪

അപകടകരമായ രീതിയിൽ ജലനിരപ്പുയർന്നതിനെ തുടർന്ന് പ്രളയസാധ്യത മുൻനിർത്തി സംസ്ഥാനത്തെ ചില നദികളിൽ ഓറഞ്ച്, മഞ്ഞ ജാഗ്രതകൾ പ്രഖ്യാപിച്ചു. പത്തനംതിട്ട മണിമലയാറിൽ ഓറഞ്ച് ജാഗ്രതയും ആലപ്പുഴ അച്ചൻകോവിൽ, കോട്ടയം മീനച്ചിൽ, കാസർകോട് മൊഗ്രാൽ എന്നീ നദികളിൽ മഞ്ഞ ജാഗ്രതയുമാണ്.

യാതൊരു കാരണവശാലും നദികളിൽ ഇറങ്ങരുതെന്നും നദി മുറിച്ചു കടക്കരുതെന്നും തീരവാസികൾ ജാഗ്രത പാലിക്കണമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

✪✪✪

വെള്ള, നീല റേഷൻ കാർഡുകൾ പിങ്ക് കാർഡിലേക്ക് തരം മാറ്റുന്നതിന് നാളെ മുതൽ ഈ മാസം 15 വരെ അപേക്ഷ സമർപ്പിക്കാം. അർഹരായവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ ഔദ്യോഗിക പോർട്ടൽ വഴിയോ ഓൺലൈനിൽ അപേക്ഷ നൽകാം.

✪✪✪

സംസ്ഥാനത്ത് മധ്യവേനലവധിക്ക് ശേഷം സ്കൂളുകൾ നാളെ തുറക്കും. മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ആലപ്പുഴ കലവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യും. സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിന്റെ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണെന്ന് സംഘാടക സമിതി അറിയിച്ചു.

✪✪✪

പുതിയ അധ്യയന വർഷത്തെ കോഴിക്കോട് ജില്ലാതല പ്രവേശനോത്സവം പെരിങ്ങളം GHSS-ൽ മന്ത്രി PA മുഹമ്മദ് റിയാസ് നാളെ ഉദ്ഘാടനം ചെയ്യും.

പുതിയ അധ്യയന വർഷം ജില്ലയിൽ 60,000ത്തോളം വിദ്യാർഥികൾ പ്രവേശനം നേടുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാഠപുസ്തകങ്ങളുടെ വിതരണം 90 ശതമാനത്തിലേറെയും പൂർത്തിയായി.

ജില്ലയിലെ സ്കൂൾ ബസിലെ ഡ്രൈവർമാർക്ക് എക്സൈസ് വകുപ്പും മോട്ടോർ വാഹന വകുപ്പും ചേർന്ന് പരിശീലന ക്ലാസ് നൽകി.

✪✪✪

ഇന്ന് ലോക ക്ഷീരദിനം. പാലുൽപാദനത്തെക്കുറിച്ചും പാൽ ഉൽപന്നങ്ങളുടെ ഗുണങ്ങളെക്കുറിച്ചും ലോകമെമ്പാടും അവബോധം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ജൂൺ ഒന്ന് ലോക ക്ഷീരദിനമായി ആചരിക്കുന്നത്.

✪✪✪

രാജ്യത്തെ 448 കായികതാരങ്ങൾക്ക് അഞ്ച് കോടി 67 ലക്ഷം രൂപയുടെ പുരസ്കാര തുക കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ചണ്ഡീഗഡിൽ സമ്മാനിച്ചു. 8 അന്താരാഷ്ട്ര താരങ്ങളും 23 ദേശീയ താരങ്ങളും ഉൾപ്പെടെയാണ് പുരസ്കാരം സ്വീകരിച്ചത്. പാരാ അത്‌ലറ്റുകൾക്ക് അവരുടെ അസാമാന്യമായ സംഭാവനകൾക്ക് പ്രത്യേക അംഗീകാരവും നൽകി. 320 കായികതാരങ്ങൾക്ക് ഒരു കോടി 32 ലക്ഷം രൂപയുടെ സ്കോളർഷിപ്പുകളും കേന്ദ്ര മന്ത്രി കൈമാറി.

✪✪✪

IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ ഇന്ന് പഞ്ചാബ് കിങ്സ്, മുംബൈ ഇന്ത്യൻസിനെ നേരിടും. അഹമ്മദാബാദിൽ വൈകീട്ട് 7.30നാണ് മത്സരം. ഇന്നത്തെ മത്സരത്തിലെ വിജയികൾ മറ്റന്നാൾ ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

✪✪✪

പതിനൊന്നാമത് മലബാർ റിവർ ഫെസ്റ്റ് അടുത്ത മാസം 24 മുതൽ 27 വരെ തുഷാരഗിരിയിലെ ചാലിപ്പുഴയിലും ഇരുവഞ്ഞിപ്പുഴയിലും സംഘടിപ്പിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്......

20-ൽ അധികം രാജ്യങ്ങളിലെ കയാക്കർമാരും നൂറിലധികം ദേശീയ കയാക്കർമാരും ഫെസ്റ്റിൽ പങ്കെടുക്കും.

ഒളിമ്പിക്സ് മത്സര വിഭാഗമായ കയാക്ക് സ്ലാലോമിന്റെ ദേശീയ സെലെക്ഷനും റാങ്കിങ്ങും മലബാർ റിവർ ഫെസ്റ്റിന്റെ ഭാഗമായി നടത്തുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. പതിനൊന്നാമത് മലബാർ റിവർ ഫെസ്റ്റിന്റെ പ്രഖ്യാപനം നടത്തുകയായിരുന്നു മന്ത്രി. സാഹസിക കായിക വിനോദങ്ങൾക്ക് സംസ്ഥാനത്ത് വലിയ സാധ്യതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കഴിഞ്ഞ വർഷത്തെ മലബാർ റിവർ ഫൈസ്റ്റ് മാധ്യമ പുരസ്കാരങ്ങൾ മന്ത്രി വിതരണം ചെയ്തു

മികച്ച റിപ്പോർട്ടിങ്ങിന് നൽകുന്ന അവാർഡ് പി ചന്ദ്രബാബു, വി മിത്രൻ എന്നിവർ ഏറ്റുവാങ്ങി.

✪✪✪

ഒരുമാസത്തെ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് വിളക്കുതിരിസംഘം കൂത്തുപറമ്പ് പുറക്കുളം തിരൂർ കുന്ന് ഗണപതി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഇന്നലെ രാത്രിയാണ് എട്ടംഗ സംഘം കാൽനടയായി കൊട്ടിയൂരേക്ക് തിരിച്ചത്. വിളക്കു തിരികൾ, കൂത്തിരി, കിള്ളിശീല, തലപ്പാവ്. ഉത്തരീയം എന്നിവയാണ് സംഘം നിർമിച്ചത്.

✪✪✪

കണ്ണൂർ ആലക്കോട് വിളക്കന്നൂർ ക്രിസ്തുരാജ ദേവാലയത്തിൽ തിരുവോസ്തിയിൽ പതിഞ്ഞ ക്രിസ്തുവിന്റെ മുഖം ദിവ്യകാരുണ്യ അടയാളമെന്ന വത്തിക്കാന്റെ സ്ഥിരീകരണം ഔദ്യോഗികമായി പ്രഖ്യാപിച്ചു. ദേവാലയത്തിൽ നടന്ന ചടങ്ങിൽ സഭയുടെ വത്തിക്കാൻ സ്ഥാനപതിയാണ് പ്രഖ്യാപനം നടത്തിയത്.

✪✪✪

ലോക പുകയില വിരുദ്ധ ദിനചരണത്തോടനുബന്ധിച്ച് ക്യാൻസർ പ്രതിരോധ ജനകീയ ക്യാമ്പയിൻ 'ആരോഗ്യം ആനന്ദം, അകറ്റാം അർബുദം 2.0 പരിപാടിയുടെ കണ്ണൂർ ജില്ലാതല ഉദ്ഘാടനവും ലോഗോ പ്രകാശനവും KP മോഹനൻ MLA നിർവഹിച്ചു. പുകയിലക്കെതിരെ പുതുതലമുറക്കിടയിൽ കൂടുതൽ ബോധവൽക്കരണം കൊണ്ടുവരണമെന്നും എല്ലാവരും ക്യാമ്പയിനിന്റെ ഭാഗമാകണമെന്നും MLA പറഞ്ഞു.

✪✪✪

കണ്ണൂർ ജില്ലയിലെ വിദ്യാലയങ്ങളിൽ രാസലഹരി ഉൾപ്പെടെ എല്ലാവിധ ലഹരിക്കും മയക്കുമരുന്നിനും എതിരെ കർക്കശ പരിശോധനയും നടപടിയും സ്വീകരിക്കാൻ ജില്ലാ വികസന സമിതി യോഗം തീരുമാനിച്ചു. ജില്ലയിൽ ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയ വിദ്യാലയങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: രജ്ന കെ*
*CNRT'S : നിമിഷ ജി*
*DEO : സി കെ സുബോധ്*